നം.കെഎസ്എ.കെടിഎം.പി.12/1812/2018 തീയതി : 23.10.2018

# കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

***(1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,***

*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 31.08.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 27.09.2018-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.09.2018 മുതൽ 27.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മായ ആർ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ മനു എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |
| | ശ്രീ ഉണ്ണികൃഷ്ണൻ എം. | ഓഡിറ്റർ |

(ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | സിസി ബോബി | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ ബൈജു ചെറുകോട്ടയിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ലളിത സുരേഷ് ബാബു | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശ്രീ ബിജു അമ്പലത്തിങ്കൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | ഏലമ്മ ആൻഡ്രൂസ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ ജി. എൻ ഹരികുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഗീത അലക്സാണ്ടർ | 01.04.2017 മുതൽ 07.06.2017 വരെ |
| | പ്രദീപ് കെ. എസ്. | 08.06.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. മെർലിൻ അലക്സാണ്ടർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | ഡോ. ഷീജ തങ്കപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | ഡോ. ആർ. ശ്രീകുമാർ | 01.04.2017 മുതൽ 07.04.2017 വരെ |
| | ഡോ. അന ജോസഫ് കെ. | 18.04.2017 മുതൽ 01.06.2017 വരെ |
| | ഡോ. സജി ജോൺ | 02.06.2017 മുതൽ 22.01.2018 വരെ |
| | ഡോ. ഉമാദേവി | 23.01.2018 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | ഡോ. ഡോൺ എബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ അനൂപ് പി. എസ്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സുമ സി. എസ്. | 01.04.2017 മുതൽ 07.12.2017 വരെ |
| | അനിപ്രിയ | 08.12.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | കെ. വൈ. ഷംല | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | നിബു കുര്യൻ | 01.04.2017 മുതൽ 17.10.2017-FN വരെ |
| | റെജിമോൾ പി. പി. | 17.10.2017-AN മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ദിവ്യ എസ്. മോഹൻ | 01.04.2017 മുതൽ 24.06.2017 വരെ |
| | ദീപിത് ബി. എൻ. | 25.06.2017 മുതൽ 08.11.2017 വരെ |
| | ജയലക്ഷ്മി എൻ | 16.11.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ ബിജു തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1-1 | വസ്തുനികുതി പരിഷ്കരണം |
| 2-1-2 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കേണ്ടതാണ് |
| 2-1-3 | ഹാളുകൾ/ഓഡിറ്റോറിയങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചില്ല |
| 2-2 | സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല |
| 2-3 | വാടക – ബൈലോ തയ്യാറാക്കിയിട്ടില്ല |
| 2-4 | ഡി & ഓ ട്രേഡ് ലൈസൻസ് - ഡിമാന്റിൽ അപാകത |
| 2-5 | ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾതിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |
| 2-6 | തിരികെ നൽകാത്ത 2002 മുതലുള്ള സ്ഥിരനിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന റിപ്പോർട്ട് അംഗീകരിക്കുവാൻ വൈകിയതിനാൽ അധിക തുക അടവാക്കുവാനിടയായി |
| 3-2 | തെരുവ് വിളക്ക് പരിപാലനം |
| 3-3 | റോഡ് നിർമ്മാണ പ്രൊജക്റ്റ് ആരംഭിക്കുവാനുള്ള കാലതാമസം -തുക നൽകിയത് ക്രമവിരുദ്ധം |
| 3-4 | ശ്രീനരസിംഹപുരം കുടിവെള്ളപദ്ധതി -ജലലഭ്യത ഉറപ്പുവരുത്താതെ തുടർ നിർമ്മാണം- പാഴ് ചെലവിന് സാദ്ധ്യത |
| 3-5 | വിവിധ മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണം -നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തവ- പിഴ ഈടാക്കിയില്ല |
| 3-6 | മധുരം ചേരി കുടിവെള്ളപദ്ധതി-ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല |
| 3-7 | മാർഗരേഖപ്രകാരമല്ലാതെ പ്രോജക്ട് നടപ്പിലാക്കി |
| 3-8 | നെൽവിത്ത് വിതരണം-അധിക നിരക്കിൽ സബ്സിഡി തുക അനുവദിച്ചു |
| 3-9 | ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ- മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല |
| 3-10 | പശ്ചാത്തല സൗകര്യം ഒരുക്കാതെ പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു |
| 3-11 | ഭവന നിർമ്മാണം-6 ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിച്ചില്ല |
| 3-12 | ആശ്രയ പദ്ധതി - അവലോകനം |
| 3-13 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |

| | |
|---|---|
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ട സ്ഥിരനിക്ഷേപങ്ങളുടെ വിവരം |
| അനുബന്ധം-3 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-4 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-5 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 21.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 78,539,173/- | 39,654,744/- | - | 38,884,429/- | (-) 49.51 |
| വരവ് | 100,249,404/- | 82,140,400/- | - | 18,109,004/- | (-) 18.06 |
| ആകെ | 178,788,577/- | 121,795,144/- | - | 56,993,433/- | (-) 31.88 |
| ചെലവ് | 128,775,539/- | 80,200,633/- | - | 48,574,906/- | (-) 37.72 |
| നീക്കിയിരിപ്പ് | 50,013,038/- | 41,594,511/- | - | 8,418,527/- | (-) 16.83 |

ബജറ്റിൽ പ്രതീക്ഷിത വരവ് ചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിലുള്ള വ്യതിയാനം ഏകദേശം 30 ശതമാനമാണ്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പഞ്ചായത്ത് ഭരണസമിതി 28.04.2018-ലെ 5-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 14.05.2018 ലെ AO.10/18 നം. കത്ത് പ്രകാരം 15.05.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 22.06.2018, 23.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 28.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി12-1206/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 39,654,744/- |
| വരവ് | 82,140,400/- |
| ആകെ | 121,795,144/- |
| ചെലവ് | 80,200,633/- |
| നീക്കിയിരിപ്പ് | 41,594,511/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 14,011,000/- | 14,011,000/- | 11,379,005/- | 2,631,995/- | 81.21 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 4,297,374/- | 4,297,374/- | 2,417,837/- | 1,879,537/- | 56.26 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 41,983/- | 41,983/- | 5,850/- | 36,133/- | 13.93 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 9,599,000/- | 9,599,000/- | 8,998,835/- | 600,165/- | 93.75 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3,177,000/- | 3,177,000/- | 2,701,174/- | 475,826/- | 85.02 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11,898,330/- | 11,898,330/- | 8,624,813/- | 3,273,517/- | 72.49 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3,201,437/- | 3,201,437/- | 2,512,740/- | 688,697/- | 78.49 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 1,156/- | 7,228,393/- | 7,229,549/- | 7,229,374/- | 175/- | - |
| ഐ.സി.ഡി.എസ്.(ICDS) | 592,166/- | 877,450/- | 1,469,616/- | 0 | 1,469,616/- | - |
| സ്പെഷ്യൽ ഡവലപ്മെന്റ് ഫണ്ട്(SDF) | 39,533/- | 608,175/- | 647,708/- | 647,708/- | 0 | - |
| സാക്ഷരത ഫണ്ട് | 0 | 62,400/- | 62,400/- | 62,400/- | 0 | - |
| വെള്ളപ്പൊക്ക നിവാരണ ഗ്രാന്റ് | 0 | 434,267/- | 434,267/- | 434,267/- | 0 | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 0 | 25,000/- | 25,000/- | 0 | 25,000/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1,174/- | 130,195/- | 131,369/- | 131,369/- | 0 | - |
| കേരളോൽസവം ഗ്രാന്റ് | 0 | 15,000/- | 15,000/- | 15,000/- | 0 | - |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 360,000/- | 552,000/- | 912,000/- | 0 | 912,000/- | - |
| സംയുക്ത പ്രോജക്ട്(Joint Venture) | 0 | 128,600/- | 128,600/- | 128,600/- | 0 | - |
| ഗുണഭോക്തൃ വിഹിതം | 0 | 438,997/- | 438,997/- | 435,097/- | 3,900/- | - |

| | | | | | | |
|---|---|---|---|---|---|---|
| നിർമ്മൽ പുരസ്കാരം | 0 | 250,000/- | 250,000/- | 0 | 250,000/- | - |
| തനത് ഫണ്ട് (ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ) | 36,399,133/- | 39,516,198/- | 75,915,331/- | 31,166,614/- | 44,748,717/- | 41 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വികസനഫണ്ട് – എസ്.സി.പി.,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വരവ്-ചെലവ് ധനകാര്യ പത്രിക പ്രകാരമുള്ളതും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ളതും പൊരുത്തപ്പെടുന്നില്ല. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 11,174,000/- രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്. സാക്ഷരത ഫണ്ട്, വെള്ളപ്പൊക്ക നിവാരണ ഗ്രാന്റ്, ശുചിത്വ മിഷൻ ഗ്രാന്റ്, ഗുണഭോക്തൃ വിഹിതം എന്നിവയുടെ ചെലവ് ബാധ്യത ശീർഷകത്തിൽ നിന്നും റവന്യൂ ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ ചെയ്ത് മാറ്റിയ ശേഷമാണ് നടത്തിയിട്ടുള്ളത്. തനത് ഫണ്ട് വരവ്-ചെലവുകൾക്ക് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തനത് ഫണ്ടും ജനറൽ പർപ്പസ് ഫണ്ട് ഉൾപ്പടെ റസീറ്റ് & പേമെന്റ് അക്കൗണ്ട് പ്രകാരമുള്ള കണക്കുകളാണ് മേൽസൂചിപ്പിച്ച പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ-നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പ്രോജക്ടുകളുടെ എണ്ണം | നിർവ്വഹിച്ച പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 9 | 9 | 3,525,210/- | 1,397,489/- | 39.64 |
| 2. | വെറ്ററിനറി സർജൻ | 5 | 5 | 1,809,600/- | 926,497/- | 51.20 |
| 3. | മെഡിക്കൽ ഓഫീസർ –പി.എച്ച്.സി. | 5 | 5 | 975,000/- | 965,000/- | 98.97 |
| 4. | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 445,000/- | 374,904/- | 84.25 |
| 5. | മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 1 | 525,000/- | 450,000/- | 85.71 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 20 | 13 | 19,763,200/- | 7,793,500/- | 39.43 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 5 | 5,796,899/- | 4,153,343/- | 71.65 |
| 8. | സെക്രട്ടറി | 35 | 26 | 29,767,649/- | 12,652,250/- | 42.50 |
| 9. | ഹെഡ്മിസ്ട്രസ് | 8 | 7 | 3,548,903/- | 1,997,891/- | 56.30 |
| 10. | അസിസ്റ്റന്റ് എൻജിനീയർ(LSGD) | 137 | 85 | 44,700,213/- | 21,428,751/- | 47.94 |
| 11. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500,000/- | 500,000/- | 100 |
| 12. | അസിസ്റ്റന്റ് സെക്രട്ടറി | 10 | 5 | 1,185,500/- | 197,576/- | 16.67 |
| ആകെ | | 239 | 163 | 112,542,174/- | 52,837,201/- | 46.94 |

പദ്ധതി രൂപീകരണം

13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതിക്കാലമായ 2017-18 വർഷം പദ്ധതികൾ

തയ്യാറാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശപ്രകാരമുള്ള ആസൂത്രണ രീതികൾക്കനുസരിച്ച് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും കരട് വികസനരേഖ തയ്യാറാക്കുകയും ചെയ്തു. പദ്ധതിരൂപീകരണത്തിന്റെ തുടർ ഘട്ടങ്ങളിലും ബന്ധപ്പെട്ട മാർഗ്ഗരേഖാ ഉത്തരവിൽ (ജി.ഒ.(എം.എസ്) 72/2017 ത.സ്വ.ഭ.വ./29-3-2017) നിർദ്ദേശിച്ചിട്ടുള്ള പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും സ്റ്റേക്ക് ഹോൾഡേഴ്സിന്റേയും യോഗംചേരൽ, ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നീ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണ കലണ്ടർ പ്രകാരം ചുവടെ വിവരിക്കും പ്രകാരമുള്ള വിവിധ ഘട്ടങ്ങൾ നടത്തിയിട്ടുണ്ട്.

| | |
|---|---|
| ഗ്രാമസഭാപൂർത്തീകരണം | 8-4-17 മുതൽ 4-5-17 വരെയുള്ള വിവിധ തീയതികൾ |
| ഊരുകൂട്ടം | 29-4-17 |
| വികലാംഗ ഗ്രാമസഭ | 13-3-17 |
| വർക്കിങ്ങ് ഗ്രൂപ്പ് | 8-5-17, 21-5-17 |
| നിർവ്വഹണ ഉദ്യോഗസ്ഥരുടേയും മെമ്പറുമാരുടേയും മീറ്റിങ്ങ് | 8-5-17 |
| ആസൂത്രണ സമിതി | 9-5-17 |
| വികസനസെമിനാർ | 11-5-17 |

<u>പദ്ധതി അംഗീകാരം</u>

2017-18-ലെ അന്തിമ വാർഷികപദ്ധതി അംഗീകരിച്ച തീരുമാനിച്ച (10-5-17-ലെ തീരുമാനം I(1). ജില്ലാ ആസൂത്രണസമിതിയുടെ 27.3.2018ലെ 490/18/DPC/DPO/കോട്ടയം നമ്പർ തീരുമാനപ്രകാരം വാർഷികപദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 52837201/-രൂപയാണ് വാർഷിക പദ്ധതിക്കുവേണ്ടി വകയിരുത്തിയിട്ടുള്ളത്. സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 239പ്രോജക്ടുകൾക്കാണ് തൻവർഷം അംഗീകാരം ലഭിച്ചത്.

<u>പദ്ധതിനിർവ്വഹണം</u>

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ 65 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ 163 പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വാർഷികപദ്ധതിച്ചെലവ് കേവലം 47%മാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

2017-18 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിറ്റ്സ് രേഖപ്പെടുത്തലുകളിൽനിന്നും പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് പല വർക്കിംഗ് ഗ്രൂപ്പുകളുടേയും പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല എന്ന് കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിറ്റ്സ് രേഖകളിൽ യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും രേഖപ്പെടുത്തി ആധികാരികമാക്കി സൂക്ഷിച്ചിട്ടില്ല.

<u>സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം</u>

<u>ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

പൊതുഭരണം, നികുതി, നികുതി സംബന്ധമായ അപ്പീലുകൾ, ഓഡിറ്റ്, ബജറ്റ്, അക്കൗണ്ടിംഗ് ഒഴികെയുള്ള ധനകാര്യവിഷയങ്ങൾ (വാർഷിക ധനകാര്യപത്രിക) എന്നിവ കൈകാര്യം ചെയ്യുന്നതിൽ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ പ്രവർത്തനങ്ങളും പൊതുവേ തൃപ്തികരമായിരുന്നു.

<u>വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസന ആസൂത്രണം, സാമൂഹ്യവും സാമ്പത്തികവുമായ പ്ലാനിംഗ്, കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, പൊതുമരാമത്ത്, പാർപ്പിട സൗകര്യം, കെട്ടിടനിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിങ്ങനെ നിയമപരമായി ചുമതലപ്പെട്ട വിഷയങ്ങളും ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും ചർച്ച ചെയ്യുകയും തീരുമാനങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് പൊതുതീരുമാനമാക്കി ആയത്

പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നിയമപ്രകാരം നിർണ്ണയിച്ച് നൽകിയിട്ടുള്ള എല്ലാ വിഷയങ്ങളിലും സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റി

ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കമ്മിറ്റി ആരോഗ്യമേഖലയിലും വിദ്യാഭ്യാസ മേഖലയിലും നടപ്പാക്കേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുത്ത് ജനറൽ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. യോഗതീരുമാനങ്ങളും ചർച്ചാവിഷയങ്ങളും കൃത്യമായി രേഖപ്പെടുത്തി മിനിറ്റ്സ്ബുക്ക് ക്ലോസ് ചെയ്തിട്ടുണ്ട്.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പുമായി പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 19 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 228 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 106 പ്രോജക്ടുകളിൽ 88 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 23729 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 599 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തടയണ നിർമ്മാണം, തരിശുനിലങ്ങൾ കൃഷിക്ക് ഒരുക്കൽ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവനനിർമ്മാണം, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, കിണർ റീച്ചാർജിങ്ങ് തുടങ്ങിയ പ്രോജക്ടുകളാണ് തൻവർഷം ഏറ്റെടുത്ത് നടപ്പാക്കിയത്. തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം എസ്.ബി.ഐ. വടവാതൂർ ശാഖയിലെ അക്കൗണ്ട് നം.67126747930 മുഖേനയാണ് നടത്തുന്നത്. ധനകാര്യ പത്രിക പ്രകാരമുള്ള 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1,156/- |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 6,731,186/- | 7,228,393/- |
| | ക്യാഷ് വരവ്(പലിശ ഉൾപ്പടെ) | 497,207/- | |
| ആകെ | | | 7,229,549/- |
| ചെലവ് | ഗുണഭോക്താക്കൾക്ക് അക്കൗണ്ടിലേക്ക് നേരിട്ട് | 6,731,186/- | 7,229,374/- |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 498,188/- | |
| നീക്കിയിരിപ്പ് | | | 175/- |

തൊഴിലുറപ്പ് പദ്ധതി ക്യാഷ് വരവ് 497,207/- രൂപ അക്കൗണ്ട് ചെയ്തിരിക്കുന്നത് 320100101 സാംഖ്യ ശീർഷകത്തിലാണ്. ടി ഇനത്തിലുള്ള 498,188/- രൂപയുടെ ചെലവ് 251300801 എന്ന റവന്യൂ ചെലവ് ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്(ഷെഡ്യൂൾ RP-16).

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,640/- | 33 |
| കർഷകതൊഴിലാളി പെൻഷൻ | 3,016,100/- | 281 |
| വിധവാപെൻഷൻ | 10,897,900/- | 927 |
| വാർദ്ധക്യകാലപെൻഷൻ | 24,823,100/- | 1960 |
| വികലാംഗപെൻഷൻ | 3,369,700/- | 284 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 669,700/- | 56 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 270,000/- | 9 |

## 1-9 ക്യാഷ് പരിശോധന

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2018 തീയതിയിൽ 2:45 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 41,379/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. സ്ഥാപനത്തിന്റെ ധനകാര്യ ഇടപാടുകൾ നിലവിലുള്ള അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിധേയമായും ഭരണസമിതി തീരുമാനങ്ങൾക്ക് അനുസൃതമായും നടത്തുന്നുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ കൃത്യമായി ഏകോപിപ്പിക്കുന്നതിനും പ്രവർത്തനത്തിന്റെ കാര്യക്ഷമത ഉറപ്പാക്കുന്നതിനും സ്ഥാപനതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളെ പൊതുവെ ആഭ്യന്തരനിയന്ത്രണ സംവിധാനം എന്ന് വിലയിരുത്തുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ഭാഗം-1 അനുബന്ധം ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചോദ്യാവലി അടിസ്ഥാനമാക്കി വിജയപുരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്.
2017 ഒക്ടോബർ 26-ാം തീയതി ബഹു. കേരള നിയമസഭാ സ്പീക്കർ ശ്രീ പി. ശ്രീരാമകൃഷ്ണൻ വിജയപുരം ഗ്രാമപഞ്ചായത്തിനെ ജനസൗഹൃദ സദ്ഭരണ ഗ്രാമപഞ്ചായത്തായി പ്രഖ്യാപിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം/ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2018 | 08/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.03.2016 | 2011-12 മുതൽ 2015-16 വരെ | (HQ)II/8A-2435/38 31.05.2016 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 120,924,134/- രൂപയും ചെലവ് 117,232,980/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 3,691,154/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 112,244,131/- രൂപയും ആകെ ബാധ്യതകളുടെ മൂല്യം(ജനറൽ ഫണ്ട് ഒഴികെ) 18,707,257/- രൂപയുമാണ്. പ്രസ്തുത തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 93,536,874/- രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. തൊഴിൽ നികുതി(ട്രെയ്ഡേഴ്സ്,സ്ഥാപനങ്ങൾ), ഡി & ഒ ട്രേഡ് ലൈസൻസ് ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററിലെ തുകകളുടെ പ്രോഗ്രസീവ് ടോട്ടൽ കണക്കാക്കിയിട്ടില്ല. ആയതിനാൽ ടി വരവിനങ്ങളുടെ കൃത്യത വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് രജിസ്റ്ററുകളിലെ തുകകളുമായി പൊരുത്തപ്പെടുത്തിയുള്ള പരിശോധിക്കാൻ സാധിച്ചിട്ടില്ല.
5. സ്ഥിരനിക്ഷേപങ്ങളുടെ പലിശ തനത് ഫണ്ട് ബാങ്ക് പലിശ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്യുന്നത്(171100101 – Interest from Bank Accounts). സ്ഥിരനിക്ഷേപത്തിൽ നിന്നും ലഭിക്കുന്ന പലിശ 170100101- Income from Investment ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.
6. 412010101-Capital Work in Progress ശീർഷകത്തിലെ 31.03.2018-ലെ നീക്കിയിരിപ്പായ 1,122,009/- രൂപയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
7. വിവിധയിനങ്ങളിലായി പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച 2003-04 വർഷം മുതലുള്ള നിക്ഷേപങ്ങൾ കാലാവധി കഴിഞ്ഞിട്ടും പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.
8. വികസന ഫണ്ട്(എസ്.സി.പി.), ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ധനകാര്യ പത്രിക പ്രകാരം | എ.സി.ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 2,283,719/- | 2,417,837/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5,130,693/- | 8,624,813/- |

ക്യാപിറ്റൽ ചെലവുകൾ Capital Contribution ശീർഷകത്തിലേക്ക് നേരിട്ട് അക്കൗണ്ട് ചെയ്തിരിക്കുന്നതിനാലാണ് മേൽപറഞ്ഞ ഫണ്ടുകളുടെ വരവ് റസീറ്റ് & പേമെന്റ് പത്രികയിൽ വ്യത്യാസപ്പെട്ടിരിക്കുന്നത്.

9. വാടക നിക്ഷേപം 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് 36,888/- രൂപയാണ്. എന്നാൽ 2017-18 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ വാടക കണക്കുകളിൽ വാടക നിക്ഷേപം 92,091/- രൂപയാണ്. വാടക നിക്ഷേപത്തിന്റെ കൃത്യമായ തുക കണ്ടെത്തി വാർഷിക കണക്കുകളിൽ ക്രമീകരിക്കേണ്ടതാണ്.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്,തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 വസ്തുനികുതി പരിഷ്കരണം

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങളുടെ അടിസ്ഥാനത്തിലുള്ള വസ്തുനികുതി പരിഷ്കരണം പൂർത്തിയായിട്ടുണ്ട്. വിവരശേഖരണം പൂർത്തിയായ 10414 കെട്ടിടങ്ങളുടെയും ഫോറം 6 എൻട്രി പൂർത്തീകരിച്ച് ഡിജിറ്റൽ സൈൻ ചെയ്ത് ഡിമാന്റ് ജനറേറ്റ് ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം.എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം സർക്കാർ പ്രഖ്യാപിച്ച ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തി 2013-14ന് ശേഷം സാംഖ്യ പ്രകാരം സ്വീകരിച്ച വസ്തുനികുതിയുടെ രസീതുകൾ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ക്യാമ്പ് കളക്ഷൻ സംഘടിപ്പിച്ച് വസ്തുനികുതി കുടിശ്ശികയുൾപ്പെടെ 31.03.2018 പ്രാബല്യത്തിൽ 80 ശതമാനം പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ട്. വസ്തുനികുതിയിനത്തിലുള്ള കുടിശിക പിരിച്ചെടുക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-1-2 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 11 മൊബൈൽ ടവറുകളിൽ ബി എസ് എൻ എല്ലിന്റെ ഉടമസ്ഥതയിലുള്ള 4 എണ്ണത്തിന്റെ വസ്തുനികുതി കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./കെട്ടിട നം | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|
| 1 | 1/79 | 6750 | (2013-14 മുതൽ) |
| 2 | 10/146 | 11006 | (2013-14 മുതൽ) |
| 3 | 7/492 ഇ | 8602 | (2013-14 മുതൽ) |
| 4 | 15/102 എ | 13200 | (2013-14 മുതൽ) |

വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-1-3 ഹാളുകൾ/ഓഡിറ്റോറിയങ്ങൾക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന പാരിഷ് ഹാളുകൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ വസ്തുനികുതി സ.ഉ(എം.എസ്)നം.20/2011, 04.01.2011 ന്റെയടിസ്ഥാനത്തിൽ ഇവക്ക് ബാധകമായ നിരക്കിൽ പരിഷ്കരിച്ചിട്ടില്ല.

1. Mar Aphrem Jacobite Syrian Church Parish Hall, Vadavathoor
2. Bethel Marthoma Church Parish Hall, Manganam
3. St.George Jacobite Church Parish Hall, Ponpally

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് മേൽ പരാമർശിത ചട്ടപ്രകാരം അവക്ക് ബാധകമായ നിരക്കിൽ വസ്തുനികുതി ചുമത്തേണ്ടതാണ്. മേൽ പരാമർശിത കെട്ടിടങ്ങൾ സംബന്ധിച്ച് പരിശോധന നടത്തി വസ്തുനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്കെടുപ്പ് നടത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കുന്ന മുറയ്ക്ക് ഡിമാന്റ് രജിസ്റ്ററിൽ ചേർക്കുന്ന രീതിയാണ് നിലവിൽ തുടരുന്നത്. 2017-18 വർഷത്തെ ധനകാര്യ പത്രികയിലെ 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയിനത്തിൽ ലഭിക്കാൻ തുകയൊന്നും അവശേഷിക്കുന്നില്ല. ധനകാര്യ പത്രികയിൽ സ്ഥാപനങ്ങളുടെയും ട്രെയ്ഡേഴ്സിന്റെയും തൊഴിൽനികുതിയായി 601,010/- രൂപ ഡിമാന്റ് ചെയ്യുകയും മുഴുവൻ തുകയും ഈടാക്കിയതായും കാണുന്നു. തൊഴിൽ നികുതി അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ഡിമാന്റിൽ ഉൾപ്പെടുത്തി അക്കൗണ്ട് ചെയ്തതിനാലാണ് അപ്രകാരം കാണുന്നത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഏതാനും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ, ഏജൻസികൾ തുടങ്ങിയവയുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|

| | |
|---|---|
| 1. | ഡാനിയൽ ബിസിനസ് സർവ്വീസസ്(ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, വടവാതൂർ |
| 2. | I-Care ആപ്പിൾ ഓതറൈസ്ഡ് സർവ്വീസ് സെന്റർ, വടവാതൂർ |
| 3. | ജി-സ്ക്വയർ സൂസുക്കി-ബൈക്ക് ഷോറൂം, വടവാതൂർ |
| 4. | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് & ഫിനാൻസ് കോ ലിമിറ്റഡ്,കളത്തിപ്പടി |
| 5. | ട്രാൻസ് വേൾഡ് ടൂർസ് & ട്രാവൽസ്, കളത്തിപ്പടി |
| 6. | വിനോദ് ട്രാവൽസ്, കളത്തിപ്പടി |
| 7. | ഗിരിദീപം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏഡ്വാൻസ്ഡ് ലേണിങ്ങ്, വടവാതൂർ |
| 8. | യൂണിവെയർ ടെക്നോളജീസ്, കളത്തിപ്പടി |
| 9. | ക്രോസ്റോഡ് എഡ്യൂക്കേഷണൽ കൺസൾട്ടന്റ്, കളത്തിപ്പടി |
| 10. | മാക്സ് വാല്യൂ ക്രഡിറ്റ്സ് & ഇൻവെസ്റ്റ്മെന്റ്സ്, വടവാതൂർ |
| 11. | ചാത്തമ്പടം ബാങ്കേഴ്സ്, മാങ്ങാനം |
| 12. | ചിലം ചാനൽ, കളത്തിപ്പടി |
| 13. | DTDC ഇന്റർനാഷണൽ കൊറിയർ & കാർഗോ സർവ്വീസ്, കളത്തിപ്പടി |
| 14. | ASJ മാർക്കറ്റിങ്ങ് സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, വടവാതൂർ |
| 15. | കൊച്ചിൻ കമ്പ്യൂട്ടർ ലാബ് വെബ് ഡിസൈനേഴ്സ്, വടവാതൂർ |
| 16. | T & T അസോസിയേറ്റ്സ് & കൺസൾട്ടന്റ്സ്, കളത്തിപ്പടി |

പഞ്ചായത്ത് പരിധിയിലുള്ള 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ കണക്കെടുപ്പ് നടത്തി നികുതി ഡിമാന്റ് ചെയ്യാതിരുന്നതിനാൽ പഞ്ചായത്ത് ഫണ്ടിന് നികുതി വരുമാനത്തിൽ ചോർച്ച സംഭവിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ക്രോഡീകരിച്ച് സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റിൽ സംഭവിച്ച അപാകതകൾക്കും പഞ്ചായത്ത് ഫണ്ടിനുണ്ടായ നികുതി വരുമാന നഷ്ടത്തിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.7/22.09.2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ മേൽപറഞ്ഞ സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തി നോട്ടീസ് നൽകി നികുതി ഈടുക്കുന്നതാണ് എന്നറിയിച്ചു.

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളുടെ കണക്കെടുപ്പ് നടത്തി കൃത്യമായ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. വർഷാവസാനം ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് തൊഴിൽ നികുതി ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്ത മേൽപറഞ്ഞതും അന്വേഷണത്തിൽ കണ്ടെത്തുന്നതുമായ സ്ഥാപനങ്ങളുടെ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

## 2-3 വാടക - ബൈലോ തയ്യാറാക്കിയിട്ടില്ല

2017-18 വർഷം പഞ്ചായത്ത് കെട്ടിടത്തിലെ ഷോപ്പിങ്ങ് കോംപ്ലെക്സിലെ 5 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്(വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം). തൻവർഷം 174,228/- രൂപ വാടകയായി ലഭിച്ചിട്ടുണ്ട്. ഷോപ്പിങ്ങ് കോംപ്ലെക്സിലെ മുറികൾ വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ പഞ്ചായത്തിൽ നിലവിലില്ല. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വാടക നിക്ഷേപം ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകയും വാർഷിക കണക്കുകൾ പ്രകാരമുള്ള തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

വാടക ബൈലോ തയ്യാറാക്കി ഭരണസമിതിയുടെയും പഞ്ചായത്ത് വകുപ്പിന്റെയും അംഗീകാരം വാങ്ങി നിയമാനുസൃതമാക്കേണ്ടതാണ്. വാടക നിക്ഷേപം ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളും ബൈലോയിൽ പ്രത്യേകമായി ഉൾപ്പെടുത്തേണ്ടതാണ്. മേൽപറഞ്ഞ എല്ലാ നടപടികളും പൂർത്തീകരിച്ച ശേഷം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഓ ട്രേഡ് ലൈസൻസ് ഫീസ് - ഡിമാന്റിൽ അപാകത

ഡി & ഓ ട്രേഡ് ലൈസൻസ് 2017-18 ഡിമാന്റ് രജിസ്റ്റർ പ്രകാരം 417 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിരുന്നത്. വാർഷിക കണക്കുകൾ പ്രകാരം ലൈസൻസ് ഫീസ് ഡിമാന്റ് 209,600/- രൂപയാണ്. ഡിമാന്റ് ചെയ്ത മുഴുവൻ തുകയും ലഭിച്ചതായി വാർഷിക കണക്കുകളിൽ കാണുന്നത് തൻവർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളെ മാത്രം ഡിമാന്റിൽ ചേർത്തതുകൊണ്ടാണ്. പഞ്ചായത്തിൽ തയ്യാറാക്കിയ വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റിൽ 19 വാർഡുകളിലായി 501 ടെയ്ഡേഴ്സിനെ ലിസ്റ്റ് ചെയ്തിട്ടുണ്ട്. കോട്ടയം നഗരത്തിന് സമീപത്തായി സ്ഥിതി ചെയ്യുന്ന വിജയപുരം ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും നഗരവൽകൃതമാണ്. ആയതിനാൽ നിലവിൽ തയ്യാറാക്കിയ ടെയ്ഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണെന്ന് കാണുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള ടെയ്ഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ ടെയ്ഡേഴ്സിനെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ടെയ്ഡേഴ്സ് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഡി & ഓ ട്രേഡ് ലൈസൻസ് നടപടികളും ഫീസ് ഈടാക്കുന്നതിന് സാംഖ്യയിൽ അക്കൗണ്ട് ചെയ്യുന്ന ഡിമാന്റും (ജേർണൽ വൗച്ചർ ഡിമാന്റ് എൻട്രി) ക്രമീകരിക്കേണ്ടതാണ്.

## 2-5 ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾതിരികെ ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല-സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ അതാത് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം വിജയപുരം ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സി.എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായതുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല.ലഭിക്കാനുള്ള തുകകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3) മറുപടി ലഭ്യമായില്ല. ഇ ടെൻഡർ ഫീസിനത്തിലുള്ള തുക ഇനം തിരിച്ച് ഡിമാന്റ് ചെയ്ത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. വിജയപുരം ഗ്രാമപഞ്ചായത്ത് ഈരീതിയിൽ അക്കൗണ്ട് ആരംഭിച്ച് സർക്കുലറിലെ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഇ-ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 തിരികെ നൽകാത്ത 2002 മുതലുള്ള സ്ഥിരനിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

2017-18 ഓഡിറ്റിന്റെ ഭാഗമായി 19/09/2018-ൽ നടത്തിയ ക്യാഷ് വേരിഫിക്കേഷനിൽ പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ കാഷ് ചെസ്റ്റ് തുറന്ന് പരിശോധിച്ചു. പരിശോധനയിൽ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത സ്ഥിരനിക്ഷേപ (FD) രസീതുകൾ കണ്ടെത്തി. പഞ്ചായത്ത് കണക്കുകളിലോ രജിസ്റ്ററുകളിലോ വിശദാംശങ്ങളില്ലാത്ത സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള (നം.4/19.09.2018) മറുപടിക്കൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ രേഖകൾ പ്രകാരം 75 സ്ഥിര നിക്ഷേപങ്ങളുടെ മൂല്യമായ 142,075/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു. മേൽപറഞ്ഞ സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 അനുച്ഛേദം-282 പ്രകാരം തിരികെ അവകാശപ്പെടാത്ത 3 സാമ്പത്തിക വർഷം കഴിഞ്ഞ റവന്യൂ ഡെപോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. സ്ഥിരനിക്ഷേപങ്ങളുടെ മൂല്യം അതിൻമേലുള്ള ഭരണപരമായതും നിയമാനുസൃതമായതുമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അടിയന്തിരമായി പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് ചേർക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ നിക്ഷേപങ്ങളുടെ വിശദാംശം അവ അടവാക്കിയ രസീതുകളുടെ

സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 പൊതുടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന റിപ്പോർട്ട് അംഗീകരിക്കുവാൻ വൈകിയതിനാൽ അധിക തുക അടവാക്കുവാനിടയായി

ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ സംയുക്ത പരിശോധന കേരള ജല അതോറിറ്റി അധികൃതരുമായി ചേർന്ന് 17.03.2017ൽ നടത്തുകയും തുടർന്ന് നിർണ്ണയിച്ച പൊതുടാപ്പുകളുടെ എണ്ണം (127) സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന്റെ അംഗീകാരത്തിനായി കേരള ജല അതോറിറ്റി 29.03.2017ൽ ഹാജരാക്കുകയും ചെയ്തു. വിഷയത്തിൽ ഗ്രാമപഞ്ചായത്തിന്റെ അടിയന്തര തീരുമാനം അറിയിക്കുവാനും നിർദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ മറുപടി ലഭ്യമാകാതിരുന്നതിനെ തുടർന്ന് 25.04.2017 ൽ വീണ്ടും ജല അതോറിറ്റി ഓർമ്മക്കുറിപ്പ് നൽകുകയും(കത്ത് നം. പി.എച്ച്.ഡി/കെ/റവന്യൂ/ എ.ബി.4/15 വാള്യം II) ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28.04.2017ലെ അടിയന്തിര യോഗത്തിലെ 6-ാം നമ്പർ തീരുമാനപ്രകാരം ടാപ്പുകളുടെ എണ്ണം 126 എന്ന് അംഗീകരിച്ച് ജല അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി. ജല അതോറിറ്റി ഏപ്രിൽ മാസം ഡിമാന്റ് ചെയ്തത് (ബിൽ നം.16387, 10.04.2017) സംയുക്ത പരിശോധനക്ക് മുമ്പുണ്ടായിരുന്ന 207 ടാപ്പുകളുടേതായി 90,563 രൂപയാണ്. ഇത് 29.04.2017ൽ പഞ്ചായത്ത് അടവാക്കി(ചെക്ക്നം. 5973586, 29.04.2017). സംയുക്ത പരിശോധന റിപ്പോർട്ട് യഥാസമയം പരിഗണിച്ച് അംഗീകാരം നൽകാതിരുന്നതിനാൽ ഏപ്രിൽ മാസം അധികം തുക വെള്ളക്കരം അടവാക്കാനിടയായി. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.15) പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തിയതിനു ശേഷം ജല അതോറിറ്റിക്ക് തീരുമാനം നൽകിയാൽ മതിയെന്ന് ജനപ്രധിനിധികൾ നിർദേശിച്ചിരുന്നുവെന്നും ആയതിനാൽ സംയുക്ത പരിശോധന റിപ്പോർട്ട് അടിയന്തിരമായി പരിഗണിക്കുവാൻ സാധിച്ചില്ലായെന്നുമാണ് മറുപടി നൽകിയത്. എന്നാൽ ജല അതോറിറ്റി പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ച റിപ്പോർട്ടിൽ പരിശോധനക്ക് പഞ്ചായത്ത് നിയോഗിച്ച ഉദ്യോഗസ്ഥനും അതാത് വാർഡ് മെമ്പർമാരും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതായിരുന്നു. ആയതിനാൽ തന്നെ എണ്ണം സംബന്ധിച്ച് അന്തിമതീരുമാനം എടുക്കുവാൻ കാലതാമസം വരുത്തിയത് അംഗീകരിക്കാവുന്നതല്ല. അധികമായി അടവാക്കിയ തുക തുടർന്നുള്ള ബില്ലുകളിൽ കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല - ഭീമമായ തുക വൈദ്യുതി ചാർജ് അടവാക്കുന്നു

ഗ്രാമപഞ്ചായത്തിലുള്ള തെരുവുവിളക്കുകളുടെ ഇനം തിരിച്ചുള്ള ആകെ എണ്ണം ലഭ്യമല്ല. കൃത്യമായ കണക്ക് ശേഖരിക്കുവാനായി സംയുക്ത പരിശോധന നടത്തുവാൻ വൈദ്യുതി ബോർഡിന് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുണ്ടെങ്കിലും (12.06.2017ൽ) നാളിതുവരെ ഭൗതിക പരിശോധന നടത്തുവാൻ സാധിച്ചിട്ടില്ല. നിലവിൽ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ രേഖകൾ പ്രകാരമുള്ള കൃത്യതയില്ലാത്ത കണക്കനുസരിച്ചാണ്. 8 കൺസ്യൂമർ നമ്പരുകളിലായി 2017-18 വർഷം ആകെ 18,22,742/- രൂപയാണ് വൈദ്യുതി ചാർജിനത്തിൽ അടവാക്കിയിട്ടുള്ളത്. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് വിവരം കാലികമാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 3-3 റോഡ് നിർമ്മാണ പ്രോജക്റ്റ് ആരംഭിക്കുവാനുള്ള കാലതാമസം -തുക നൽകിയത് ക്രമവിരുദ്ധം

വിജയപുരം ഗ്രാമപഞ്ചായത്തിൽ 2015-16 വർഷം മാങ്ങാനം ലക്ഷം വീട് കോളനി-നടപ്പാത പുനരുദ്ധാരണം എന്ന പ്രോജക്റ്റിനായി 2,20,000/- രൂപ അടങ്കലായി പ്രോജക്റ്റ് തയ്യാറാക്കുകയും, ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് (0.10% below)ക്വാട്ട് ചെയ്ത ശ്രീ.ജിനു ജോർജ്ജ് എന്ന കരാറുകാരന്റെ കരാർ

അംഗീകരിക്കുകയും ചെയ്തിരുന്നു. 23-09-2015 ന് ടിയാളുമായി കരാർ വയ്ക്കുകയും 23-09-2015 ന് തന്നെ സൈറ്റ് കൈമാറി നൽകുകയും ചെയ്തിരുന്നു. കരാർ പ്രകാരം സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവർത്തി ആരംഭിക്കണമെന്നിരിക്കെ കരാറുകാരൻ ആദ്യപ്രവർത്തി ആരംഭിച്ച് എംബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് 1വർഷം 5 മാസത്തിന് ശേഷം 04/03/2017 നാണ്. കരാറുകാരൻ ദീർഘീകരണത്തിന് അപേക്ഷിച്ചതായി കാണുന്നില്ല. എന്നിട്ടും കരാർ ദുർബലപ്പെടുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നടപടി സ്വീകരിച്ചില്ല. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണകാലാവധിയ്ക്ക് ശേഷം നിർവ്വഹിച്ച പ്രവർത്തികൾ അനധികൃതമാണ്. അതിന് തുക നൽകാവുന്നതല്ല. വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല

കരാറുകാരന് തുക നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ | 2,20,000(തനത് ഫണ്ട്) |
| ചെലവ് | 182993(VAT 4%=7320, Kcwwf1%=1830, IT1%=1830 penal Interest-) |
| കരാർ നം | 50/AE/LSGD/Vij/15-16 തീയതി 23-9-2015 |
| പൂർത്തീകരിച്ച തീയതി | 30-05-2017 |
| ചെക്ക് നം | 2788117/31-7-2017 |
| എംബുക്ക് നം | 50/15-16 |
| ഈടാക്കിയ പിഴ | 2200 |

കരാർ ഉടമ്പടി ക്രമനം 7 പ്രകാരം, മുൻകൂട്ടി കാണാൻ കഴിയാത്ത കാരണ ങ്ങളാൽനിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചില്ലായെങ്കിൽ നിശ്ചിത കാലാവധിയുടെ 20% കൂടി പിഴയില്ലാതെ അനുവദിക്കുന്നതും കൂടുതൽ വരുന്ന 3 മാസങ്ങൾക്ക് കരാർ തുകയുടെ 1% നിരക്കിലും തുടർന്നുള്ള ഓരോമാസത്തിനും 2% വീതം ചുമത്തിക്കൊണ്ടും മാത്രമേ കരാർ നീട്ടിക്കൊടുക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി നിബന്ധനകൾ പാലിക്കാതെ ആകെ 1% തുക മാത്രമാണ് പിഴയായി ഈടാക്കിയത്. കരാറുകാരൻ പ്രവർത്തി ആരംഭിക്കാതിരുന്ന വിവരം നിർവ്വഹണോദ്യോഗസ്ഥൻ പഞ്ചായത്ത് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി കാണുന്നില്ല. നിയമവിരുദ്ധമായി പ്രവൃത്തി തുടരാനനുവദിച്ചതിന് പുറമേ കരാറിലെ നിബന്ധനപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലായെന്നതും നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ വിഷയത്തിൽ ഈടാക്കാവുന്ന പിഴ ഈടാക്കേണ്ടതും കരാർ നിബന്ധനകൾ പാലിച്ച് സമയബന്ധിതമായി പ്രവർത്തി നടത്താതിരുന്ന കരാറുകാരനെ തുടരാനനുവദിച്ചതിന് വിശദീകരണം നൽകേണ്ടതുമാണ്. ഈയിനത്തിൽ ചെലവഴിച്ച തുക 182993/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-4** <u>ശ്രീനരസിംഹപുരം കുടിവെള്ളപദ്ധതി -ജലലഭ്യത ഉറപ്പുവരുത്താതെ തുടർ നിർമ്മാണം- പാഴ് ചെലവിന് സാദ്ധ്യത</u>

| | |
|---|---|
| പ്രോജക്റ്റ് നം | 121/18 |
| അടങ്കൽ | 25,00,000/-(തനത് ഫണ്ട്) |
| ചെലവ് | 2,30,661/-(Ist part bill) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാർ നം | 59/AE/LSGD/Vij/17-18 dt 30-11-17 |
| കരാറുകാരൻ | സി.എ.രാജു, മീനടം |
| എംബുക്ക് നം | 59/17-18 |

| | |
|---|---|
| ബിൽ നം | 173-03/2018 |

1) നരസിംഹപുരം കുടിവെള്ളപദ്ധതി ആദ്യം കേരളവാട്ടർ അതോറിറ്റി ഏറ്റെടുക്കുകയും പിന്നീട് സാങ്കേതികകാരണങ്ങളാൽ കൈയ്യൊഴിഞ്ഞ് പഞ്ചായത്തിനെ തിരികെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി സമയത്ത് കേരളവാട്ടർഅതോറിറ്റി നൽകിയ കത്ത്, ഭൂഗർഭ ജലവകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ പ്രകാരം ആദ്യം കിണർ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്തിയതിന് ശേഷമേ തുടർ പ്രവൃത്തികൾ ഏറ്റെടുക്കാവൂ എന്ന് നിർദ്ദേശിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയ പ്രോജക്ട് പ്രകാരം തുറന്ന കുടിവെള്ളകിണർ, RCC വാട്ടർടാങ്ക്, പമ്പിങ്ങ് ലൈൻ സ്ഥാപിക്കൽ എന്നിവയ്ക്കായി 25ലക്ഷംരൂപ അടങ്കലായി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ എംബുക്ക് നം 59/17-18 പ്രകാരം തുറന്ന കിണർ ആദ്യം ആരംഭിക്കുന്നതിന് പകരം വാട്ടർടാങ്ക് നിർമ്മാണം ആരംഭിക്കുകയും മണ്ണ് കുഴിയെടുത്ത് പ്ലിന്ത് ലെവൽ വരെയുള്ള RCC നടത്തി 230661/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കിണർ നിർമ്മാണം നടത്തി മതിയായ ജലലഭ്യത ഉറപ്പുവരുത്താതെ വാട്ടർടാങ്ക് നിർമ്മാണം ആരംഭിച്ച നടപടി ക്രമപ്രകാരമല്ല.

2) 2017-18 വർഷം തന്നെ പ്രൊ.നം 218/18 പ്രകാരം നരസിംഹപുരം കുടിവെള്ളപദ്ധതി പൂർത്തീകരണം എന്ന പ്രോജക്ട് തയ്യാറാക്കുകയും വിതരണപൈപ്പ് ലൈനുകൾ സ്ഥാപിക്കാനുള്ള 15ലക്ഷം രൂപ അടങ്കലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിരുന്നു. എംബുക്ക് നം 73/17-18 പ്രകാരം 40mm, 50mm, 63mm, 110mm PVC പൈപ്പുകൾ എന്നിവകൂടി വിതരണത്തിനായി സ്ഥാപിക്കുകയും 2018-19 വർഷം തനത് ഫണ്ടിൽ നിന്നും 898781/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കിണർ നിർമ്മാണം പൂർത്തിയാക്കി ജലലഭ്യത ഉറപ്പുവരുത്തിയശേഷം മാത്രം നടപ്പാക്കേണ്ട പ്രവർത്തികൾ മുൻകൂറായി നടപ്പാക്കിയതിന്റെ സാഹചര്യം വ്യക്തമല്ല.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11) ആറ്റുതീരത്ത് കിണർ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ജലലഭ്യത ഉറപ്പാണെന്നുമുള്ള അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. 30-11-2017 ൽ എഗ്രിമെന്റ് വച്ച സമയത്ത് മഴയായിരുന്നതിനാൽ കിണർ നിർമ്മാണം സാദ്ധ്യമായില്ല എന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. നാളിതുവരെ കിണർ നിർമ്മാണം ആരംഭിച്ചിട്ടില്ലായെന്നത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.കിണർ നിർമ്മാണം നടത്തി കുടിവെള്ളപദ്ധതിയ്ക്കാവശ്യമായ ജലലഭ്യതയും ജലം കുടിവെള്ളമായി ഉപയോഗിക്കാമെന്ന് ലാബ് പരിശോധന നടത്തി ഉറപ്പാക്കിയതിന് ശേഷം മാത്രമായിരുന്നു വാട്ടർ ടാങ്ക് പണി ആരംഭിക്കേണ്ടിയിരുന്നത്. പ്രസ്തുത വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മറ്റികളുടെ അടിയന്തിര ഇടപെടലുകൾ ഉണ്ടാവേണ്ടതുണ്ട്. കിണർ നിർമ്മാണത്തിനും അതുവഴി പ്രോജക്ട് ലക്ഷ്യം പൂർത്തീകരിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. കിണർ നിർമ്മാണം പൂർത്തീകരിച്ച് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതുവരെ 2017-18 വർഷം വാട്ടർടാങ്ക് നിർമ്മാണത്തിനായുള്ള 230661/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വിവിധ മരാമത്ത് പ്രവർത്തികളുടെ പൂർത്തീകരണം -നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്തവ- പിഴ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം സ്പിൽ ഓവറായി പണി പൂർത്തീകരിച്ച താഴെ പറയുന്ന പ്രോജക്ടുകൾ കരാർ പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ലായെങ്കിലും നിയമാനുസരണമുള്ള പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊ.നം പേര്ആകെ വേലമൂല്യം | കരാറുകാരന്റെ പേര്/കരാർതീയതി | പൂർത്തീകരിക്കേണ്ട തീയതി | പൂർത്തീകരിച്ച തീയതി & ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | 95/18താന്നിക്കപ്പടി-നടുപ്പറമ്പ് റോഡ് 396517/- | മാത്തച്ചൻ വാടാന 13-01-17 | 31-3-17 | 19-05-17 3965(1%) |

| | | | | |
|---|---|---|---|---|
| 2 | 91/18 ഇന്ത്യാവൃഡ് ചെമ്മരപ്പള്ളി റോഡ് 4,18,362/- | ഷാജി പി കുര്യാക്കോസ് 13-01-17 | 31-3-17 | 28-04-2017 4183(1%) |
| 3 | 82/18കൊച്ചാർ റോഡ് പുനരുദ്ധാരണം 301921/- | ജോമു പി ജേക്കബ് 13-01-17 | 13-04-17 | 07-06-17 3019(1%) |
| 4 | 83/18പൊയ്കമഠം അമ്പലം-വാട്ടർ അതോറിറ്റി ലിങ്ക് റോഡ് പുനരുദ്ധാരണം 253318/- | ജോമു പി ജേക്കബ് 13-01-17 | 13-04-17 | 27-06-17 2533(1%) |
| 5 | 87/18വലിയപാറ പോളശേരിക്കുഴി നടപ്പാത 253311/- | മാണികുരുവിള 13-01-17 | 13-04-17 | 24-05-17 2533(1%) |
| ആകെ | | | | 16233 |

നിശ്ചിത കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 21) മറുപടിയായി ഉപതെരഞ്ഞെടുപ്പ് മൂലം പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ തുടർ നടപടികൾക്ക് കാലതാമസം വന്നതായി അറിയിച്ചിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പു വച്ച ശേഷം തെരഞ്ഞെടുപ്പ് വന്നതുമൂലം പണി നിർത്തി വയ്ക്കേണ്ടി വന്നു എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റി തീരുമാനമൊന്നും എടുത്തിട്ടില്ല. പിഴ ഇനത്തിൽ ഈടാക്കേണ്ട തുക കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-6 മധുരം ചേരി കുടിവെള്ളപദ്ധതി-ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം-നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 220/18 |
| അടങ്കൽ | 4,90,000/-(തനത് ഫണ്ട്) |
| ചെലവ് | 4,12,646/- |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കരാർ നം | 57/AE/LSGD/Vij/16-17 dt 9-03-17 |
| കൺവീനർ | കെ.കെ.സോമരാജൻ |
| ബിൽ നം. | 165-03/18 തീയതി 31.03.18 |

ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്റ്റ് പൂർത്തീകരിച്ചിരുന്നുവെങ്കിലും ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ഫയലിനൊപ്പം ബില്ലുകൾ, വൗച്ചറുകൾ, സംയുക്തഅക്കൗണ്ടിന്റെ പാസ്ബുക്ക്, മസ്റ്റർ റോൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം20) മറുപടിയായി കണക്കുകളും ബില്ലുകളും സൂക്ഷിച്ചിരുന്നുവെന്നും ടി വൗച്ചറുകൾ കണ്ടെടുത്ത് ഹാജരാക്കിക്കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത വൗച്ചറുകളും അനുബന്ധരേഖകളും ലഭ്യമാക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 412,646/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മാർഗരേഖപ്രകാരമല്ലാതെ പ്രോജക്റ്റ് നടപ്പിലാക്കി

പ്രോജക്ട് നം .55/18

നിർവഹണഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ
അടങ്കൽ - 700000/- ( തനത് ഫണ്ട്)

ചെലവ് -700000/-

പ്രോജക്ടിന്റെ പേര് -സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് കായികക്ഷമതാപദ്ധതി

പഞ്ചായത്തു പരിധിയിലുള്ള 2 സർക്കാർ സ്കൂളുകൾക്കും 5 എയ്ഡഡ് സ്കൂളുകൾക്കും പ്രഭാതഭക്ഷണം നൽകുകയാണ് തൻവർഷം ഈ പ്രോജക്ടു പ്രകാരം നടത്തിയിട്ടുള്ള പ്രവർത്തനം. സ.ഉ (എം.എസ് )നം. 80/2017/തസ്വഭവ തീയതി 03.04.2017 പ്രകാരം സർക്കാർ എൽ.പി., യു.പി സ്കൂളുകളിലെ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്ന പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളെ ഈ പ്രോജക്ടിലുൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.09.2018) പ്രഭാത ഭക്ഷണം സർക്കാർ സ്കൂളുകൾക്ക് മുൻഗണന നൽകിയാണ് നടത്തി വരുന്നതെന്നും 01.11.2017-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സമിതിയിൽ പിറവന്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷയിൻമേൽ 7-ാം ക്ലാസ് വരെയുള്ള സ്കൂളുകളിലെ കുട്ടികൾക്കും ഭക്ഷണം നൽകുന്നതിന് അനുമതി നൽകിയിരുന്നതായും മറുപടി നൽകി. സർക്കാർ പദ്ധതി മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 നെൽവിത്ത് വിതരണം-അധികനിരക്കിൽ സബ്സിഡി തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സമഗ്ര നൽകൃഷി വികസനം |
| പ്രോജക്ട് നം. | S0061/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ആകെ അടങ്കൽ | 1,073,335/- |
| ആകെ ചെലവ് | 288,012/- |
| നെൽവിത്ത് വിതരണത്തിന് ചെലവഴിച്ചത് | 146,400/- (തനത് ഫണ്ട്) |
| ചെലവ് വിശദാംശം | Bill No.10/2017-18/20.02.2018 |

നെൽകൃഷി വികസനത്തിന്റെ ഭാഗമായി നടപ്പാക്കിയ നെൽവിത്ത് വിതരണത്തിൽ 3660 കിലോ നെൽവിത്ത് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 3500 കിലോ വിജയപുരം പുഞ്ച പാടശേഖര സമിതിക്കും 160 കിലോ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമുള്ള 2 ഗുണഭോക്താക്കൾക്കുമാണ് നൽകിയിട്ടുള്ളത്. കോഴാ സീഡ് ഫാമിൽ നിന്നുള്ള 270 കിലോ(Invoice No.45/2017-18/03.02.2018) നെൽവിത്തും Kerala State Seed Development Authority യിൽ നിന്നുള്ള 3390 കിലോയും(Bill No.1635/2017-18/06.02.2018) ഉൾപ്പടെ ആകെ 3660 കിലോ നെൽവിത്തിന് (40/-രൂപ കിലോഗ്രാമിന്) 146,400/- രൂപ ചെലവായി.

03.04.2017-ലെ സ.ഉ.(എം.എസ്.) നം.80/2017/തസ്വഭവ ഖണ്ഡിക 8.1 ലെ ഇനം 3 പ്രകാരം നെൽവിത്ത് വിതരണത്തിന് 100% സബ്സിഡി നൽകാവുന്നതും പരമാവധി സബ്സിഡി തുക 3,500/- രൂപയായും നിജപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞ പ്രോജക്ടിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഒരു കർഷകന് പരമാവധി നൽകാവുന്നത് 87.5 കിലോ നെൽവിത്താണ്(87.5x40=3500). എന്നാൽ വിജയപുരം പുഞ്ച പാടശേഖര സമിതിക്കു നൽകിയ 3500 കിലോ നെൽവിത്തുകൾ 35 കർഷകർക്ക് വിതരണം ചെയ്തതിന് പാടശേഖര സമിതി സെക്രട്ടറി ഹാജരാക്കിയ സാക്ഷ്യപത്രം പ്രകാരം 17 കർഷകർക്ക് 87.5 കിലോ നെൽവിത്തിൽ അധികരിച്ച് നൽകിയിട്ടുള്ളതായി കാണുന്നു. ഉദാഹരണമായി 7 കർഷകർക്ക് 190 കിലോ വീതം അനുവദിച്ചതിൽ 4,080/- രൂപ അധികമായി നൽകേണ്ടി വന്നു (102x40=4080). മാർഗ്ഗരേഖ പ്രകാരമുള്ള പരമാവധി തുകയിലും അധികമായി സബ്സിഡി അനുവദിച്ചതിന് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന് (നം.13/24.09.2018) ലഭ്യമാക്കിയ മറുപടിയിൽ പ്രോജക്ട് വിജയകരമായി പൂർത്തിയാക്കിയെന്നും സബ്സിഡിയുടെ പരിധിയുടെ വിവരം ശ്രദ്ധയിൽപ്പെട്ടില്ല എന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. സബ്സിഡി നൽകുമ്പോൾ സർക്കാർ മാർഗ്ഗരേഖയും നിർദ്ദേശവും കൃത്യമായി

പാലിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. അപാകതകൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, വിജയപുരം നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ S00 50/ 2018 നം പദ്ധതി പ്രകാരം, ഗവ. ആയുർവ്വേദ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 4,50,000/- രൂപ മെയിന്റനൻസ് റോഡിതരം ഫണ്ടിൽ വകയിരുത്തുകയും, 06.01.2018 ലെ 01/ 17-18 നം ബിൽ പ്രകാരം Oushadhi (The Pharmaceutical Corporation (I.M) Kerala Ltd) - ന്റെ 5913005900000015 നം അക്കൗണ്ടിലേയ്ക്ക് 4,50,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭിച്ച മരുന്നുകളുടെ വിവരം (തുക) | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| ഗവ. ആയുർവ്വേദ ഡിസ്പെൻസറി, വിജയപുരം | 4,50,000 | 4,23,162 | 26,838 | മെഡിക്കൽ ഓഫീസർ, ഗവ. ആയുർവ്വേദ ഡിസ്പെൻസറി, വിജയപുരം |
| ആകെ | 4,50,000 | 4,23,162 | 26,838 | |

ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന്, (അന്വേഷണക്കുറിപ്പ് നം. 10/22.09.2018) പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ ലഭിക്കാനുള്ളത് ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഔഷധിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും, ബാലൻസ് തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നുമുള്ള മറുപടിയാണ് ലഭിച്ചത്.
06.01.2018 - ൽ തുക ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ട് നാളിതുവരെയായിട്ടും സമയബന്ധിതമായി മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി പദ്ധതികൾ നിർവ്വഹിക്കുന്നതിലും അതിന്റെ പൂർത്തീകരണത്തിലും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ജാഗ്രത ഉണ്ടാവേണ്ടതാണ്. ആകെ 26,838/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആയതിനാൽ 26,838/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-10 പശ്ചാത്തല സൗകര്യം ഒരുക്കാതെ പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിന് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ക്ലീൻ പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ്-മെഷീൻ വാങ്ങൽ |
| പ്രോജക്ട് നം. വർഷം | S0248/18 |
| പ്രോജക്ട് തരം | ഏകവർഷ പ്രോജക്ട് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| അടങ്കൽ | 5.25 ലക്ഷം (വികസന ഫണ്ട്-ജനറൽ) |
| ചെലവ് | 5.25 ലക്ഷം രൂപ |
| ബിൽ നം. | 27/28.03.2018 |

സ.ഉ.(സാധാ) നം.1641/2017/തസ്വഭവ തീയതി 19.05.17ലെ സർക്കാർ നിർദ്ദേശ പ്രകാരമാണ് മേൽ പ്രോജക്ട് ആവിഷ്കരിച്ചത്. പ്രസ്തുത ഉത്തരവ് പ്രകാരം ടെൻഡർ നടപടികൾ ഒഴിവാക്കി നിർവ്വഹണം നടത്തുന്നതിനുള്ള ഏജൻസിയായി നിർദ്ദേശിച്ച ക്ലീൻ കേരള കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ 26.03.2018-ൽ കരാറിൽ ഏർപ്പെട്ടു. കമ്പനിയുടെ 26.03.2018-ലെ 149/2017-18 നം. പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള Baling Machine 7.5HP, Installation Charge, Supervision

Charge(1 Year) ഇനങ്ങളിലായി 529,171/- രൂപയാണ് നിർദ്ദേശിച്ചത്. 28.03.2018-ൽ 525,000/- രൂപ മാത്രം അക്കൗണ്ട് ട്രാൻഫർ മുഖേന അടവാക്കി(അക്കൗണ്ട് നം.33622776812 എസ്.ബി.ഐ.). കരാർ പ്രകാരം മെഷിനറി സ്ഥാപിക്കുന്നതിന് 1000 ചതുരശ്ര അടി സ്ഥലം, ഇൻഫ്രാ സ്ട്രക്ച്ചർ, ത്രീ ഫേസ് കണക്ഷൻ, വെള്ളത്തിന്റെ ലഭ്യത എന്നിവ പഞ്ചായത്ത് ഒരുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്(വ്യവസ്ഥ നം.2). തുക ഒടുക്കിയതിനു ശേഷം പഞ്ചായത്ത് പശ്ചാത്തല സൗകര്യം ഒരുക്കുന്ന മുറയ്ക്ക് 3 ആഴ്ചകള്ളിൽ മെഷിനറി സ്ഥാപിക്കുമെന്നും(വ്യവസ്ഥ നം.10) കമ്മീഷനിങ്ങ് 100% പണം ഒടുക്കിയതിനു ശേഷം 30 ദിവസത്തിനുള്ളിൽ പൂർത്തിയാക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്( വ്യവസ്ഥ നം.22).

ബെയ്‌ലിങ്ങ് മെഷീന്റെ വില 4,171/- രൂപ കൂടി ഒടുക്കാനുണ്ടെന്ന് ക്ലീൻ കേരള കമ്പനിയുടെ 09.07.2018-ലെ C33/CKCL/2017 നം. കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ടി തുക അടവാക്കിയതായി കാണുന്നില്ല. ബെയ്‌ലിങ്ങ് യൂണിറ്റിന്റെ മെഷിനറി സ്ഥാപിക്കാനുള്ള 1000 ചതുരശ്ര അടി സ്ഥലം(ഷെഡ്ഡ്), ത്രീഫേസ് കണക്ഷൻ, ജലത്തിന്റെ ലഭ്യത തുടങ്ങിയവ പഞ്ചായത്ത് ഒരുക്കിയിട്ടുള്ളതായി കാണുന്നില്ല. ക്ലീൻ കേരള കമ്പനിയിൽ നിന്നും മെഷിനറി നാളിതുവരെ ലഭ്യമായതായി കാണുന്നില്ല(റീറ്റെയ്ൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, യൂണിറ്റ് കമ്മീഷൻ ചെയ്തതിന്റ് രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല). പ്രോജക്ട് വ്യക്തമായി ആസൂത്രണം ചെയ്ത് പശ്ചാത്തല സൗകര്യം ഒരുക്കാതിരുന്നതിനാലാണ് യൂണിറ്റ് നാളിതുവരെ സ്ഥാപിക്കാൻ സാധിക്കാതെ വന്നതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. തുക ചെലവഴിച്ച് 8 മാസങ്ങൾ കഴിഞ്ഞിട്ടും പ്ലാസ്റ്റിക്ക് റീസൈക്ലിങ്ങ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.2/18.09.2018) നൽകിയതിന് ബെയ്ലിങ്ങ് മെഷീൻ സ്ഥാപിക്കാനുള്ള സ്ഥലലഭ്യത സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി 24.05.2018-ൽ 1(3)-ാം നമ്പരായുള്ള തീരുമാനത്തിൽ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കൊല്ലകാട്ട് കോളനിയുടെ അടുത്ത് ജനവാസകേന്ദ്രത്തിൽ നിന്നും മാറി സ്ഥലവും കെട്ടിടവും അനുവദിച്ചതായും പശ്ചാത്തല സൗകര്യങ്ങൾ(3-Phase Electricity Supply, Starter, Capacitor) ഒരുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടിയിൽ അറിയിച്ചു. പ്രോജക്ട് പ്രകാരമുള്ള ബാക്കി തുക 4,171/- രൂപ 2018-19 വർഷം (പ്രോജക്ട് നം.49/19) ക്ലീൻ കേരള കമ്പനിയിൽ അടവാക്കിയതായും അറിയിച്ചു.

ബെയ്‌ലിങ്ങ് യൂണിറ്റ് കമ്മീഷൻ ചെയ്ത് മെഷീനറിയുടെ റീറ്റെയ്ൽ ഇൻവോയ്സ്, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ്, യൂണിറ്റ് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ എന്നിവയുൾപ്പടെ മറുപടി ലഭ്യമാക്കേണ്ടതാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്നതുവരെ മേൽ പ്രോജക്ടിനായുള്ള 5,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഭവന നിർമ്മാണം-6 ഗുണഭോക്താക്കൾ വീടുപണി പൂർത്തീകരിച്ചില്ല

പ്രോജക്ട് - ഭവന നിർമ്മാണം -സ്പിൽ ഓവർ(S0003/18)
നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
അടങ്കൽ - 48.6 ലക്ഷം (തനത് ഫണ്ട്)
ചെലവ് - 33.2 ലക്ഷം

2016-17 ൽ ആരംഭിച്ച പ്രോജക്ട് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് തൻവർഷം 32 ഗുണഭോക്താക്കൾക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ 6 ഗുണഭോക്താക്കൾ നിലവിൽ വീട് പണി പൂർത്തീകരിച്ചിട്ടില്ല എന്ന് പ്രോജക്ട് രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഭവനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് 31.03.2018 വരെ നൽകിയ തകയും ഗഡുക്കളുടെ എണ്ണവും സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് | കരാർ തീയതി | 31.03.2018 വരെ നൽകിയ തുക/ഗഡു |
|---|---|---|---|---|
| 1. | ജെമിനി സുനിൽ,<br>കാർത്തികപ്പള്ളി, വടവാതൂർ | XV | 27.03.2017 | 180,000/-<br>4 ഗഡുക്കൾ |
| 2. | കമലമ്മ ഓമനക്കുട്ടൻ,<br>കൊച്ചുപറമ്പിൽ, മാങ്ങാനം | XIII | 01.03.2017 | 180,000/-<br>4 ഗഡുക്കൾ |

| | | | | |
|---|---|---|---|---|
| 3. | സിന്ധു സുരേഷ്, മുതിരക്കുന്നേൽ, വടവാതൂർ | V | 30.01.2017 | 180,000/- 4 ഗഡുക്കൾ |
| 4. | റജി ജോൺ, മൂശാരികുന്നേൽ, മാങ്ങാനം | XII | 25.01.2017 | 80,000/- 2 ഗഡുക്കൾ |
| 5. | റജിമോൻ കെ. എം., കുട്ടോമ്പടം, വടവാതൂർ | V | തീയതി ചേർത്തിട്ടില്ല | 140,000/- 3 ഗഡുക്കൾ |
| 6. | മേരി ചാക്കോ, കുന്നംപുറത്ത്,വടവാതൂർ | XV | 27.03.2017 | 80,000/- 2 ഗഡുക്കൾ |

മേൽപറഞ്ഞ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം സംബന്ധിച്ച നിലവിലെ അവസ്ഥ അറിയിക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.9/22.09.2018) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ 3 ഗുണഭോക്താക്കക്ക് വീടും സ്ഥലവും 12 വർഷത്തേക്ക് വിൽക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്യുകയില്ല എന്ന കരാർ ചമയ്ക്കുന്ന മുറയ്ക്ക് അവസാന ഗഡു ധനസഹായം നൽകുന്നതാണെന്നും മറ്റ് 3 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പുരോഗമിച്ചുവരികയാണെന്നും അറിയിച്ചു. അടിയന്തിരമായി കരാർ ചമച്ച് ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രോജക്ട് പ്രകാരം അവശേഷിക്കുന്ന ഗഡുക്കളായുള്ള ധനസഹായം നൽകുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ തുടർനടപടി സ്വീകരിക്കേണ്ടതാണ്. പ്രോജക്ട് പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി - അവലോകനം

ആശ്രയ രണ്ടാം ഘട്ടം പദ്ധതിയിൽ ഗുണഭോക്താക്കളായി ഗ്രാമപഞ്ചായത്തിലെ 24 കുടുംബങ്ങളാണുള്ളത്. വീട് മെയിന്റനൻസിനായി പ്രോജക്ട് നം.36/18 പ്രകാരം വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 1 ലക്ഷം രൂപ ആശ്രയ ഫണ്ടിലേക്ക് നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.43572010002738 Syndicate Bank Kanjikuzhi Branch). തൻവർഷം സപ്ലൈകോ വഴി 108,890/- രൂപയുടെ ഭക്ഷണ വിതരണവും 3 ഗുണഭോക്താക്കൾക്ക് വീട് മെയിന്റനൻസിന് 25,000/- രൂപ വീതം 75,000/- രൂപയും വിതരണം ചെയ്തിട്ടുണ്ട്. 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 634401.16 |
| വരവ് | പ്ലാൻ ഫണ്ട് | 100,000/- | 120963.28 |
| | പലിശ | 20963.28 | |
| ആകെ | | | 755364.44 |
| ചെലവ് | വീട് മെയിന്റനൻസ് | 75,000/- | 183890 |
| | ഭക്ഷണ വിതരണം(ചലഞ്ച് ഫണ്ട്) | 108,890/- | |
| നീക്കിയിരിപ്പ് | | | 571475.44 |

വിഭാവനം ചെയ്തശേഷം ഫണ്ട് ലഭ്യമായിട്ടും നടപ്പാക്കാൻ അവശേഷിക്കുന്ന ആശ്രയ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | ഗുണഭോക്താക്കൾ/ ലഭിച്ച ഫണ്ട് | പൂർത്തിയാക്കിയവ/ ചെലവഴിച്ച ഫണ്ട് | അവശേഷിക്കുന്നവ/ മിച്ച ഫണ്ട് |
|---|---|---|---|
| ഭവന നിർമ്മാണം | 2 /5 ലക്ഷം രൂപ | 1 / 2.5 ലക്ഷം രൂപ | 1/2.5 ലക്ഷം രൂപ |
| വീട് മെയിന്റനൻസ്(പ്ലാൻ ഫണ്ട്) | 8 /2 ലക്ഷം രൂപ | 3 / 75,000/- രൂപ | 5 / 1.25 ലക്ഷം രൂപ |

എല്ലാ ഗുണഭോക്താക്കൾക്കും ആശ്രയ രണ്ടാം ഘട്ടത്തിന്റെ പ്രയോജനം ലഭിക്കുന്നതിനും അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനും അടിയന്തിര നടപടികൾ കുടുംബശ്രീ സ്വീകരിക്കേണ്ടതാണ്.

കൂടാതെ ആശ്രയ പദ്ധതി ഒന്നാം ഘട്ടം പൂർത്തിയാക്കിയതായി കുടുംബശ്രീ ചെയർപെഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആശ്രയ ഒന്നാം ഘട്ടത്തിന്റെ ബാങ്ക് അക്കൗണ്ടിൽ (സിൻഡിക്കേറ്റ് ബാങ്ക്

അക്കൗണ്ട് നം.43572200009029) 31.03.2018-ൽ 542745.46 രൂപ നീക്കിയിരിപ്പുണ്ട്. ടി തുക SCA(Special Central Assistance Fund for Kudumbasree) ഫണ്ടും അതിന്റെ പലിശയുമാണെന്ന് കുടുംബശ്രീ ചെയർപെഴ്സൺ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശവും മാർഗ്ഗനിർദ്ദേശവും കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററുടെ മേൽനോട്ടത്തോടെ കണ്ടെത്തി ആയത് ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തടസ്സപ്പെടുത്തുന്നു

തൻവർഷം വിവിധ പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി ചുവടെ ചേർക്കും പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള തുക ബന്ധപ്പെട്ട നിർവ്വഹണസ്ഥാപനം/ഏജൻസികൾക്ക് കൈമാറി നൽകിയിരുന്നെങ്കിലും ഓഡിറ്റ് തീയതി വരെ പദ്ധതി പൂർത്തീകരിച്ച് കൈമാറിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികൾ/സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് | നിർവ്വഹണ ഏജൻസി/സ്ഥാപനം | കൈമാറിയ തുക | ബിൽ നം./ഡി.ഡി നം. | |
|---|---|---|---|---|---|
| 1 | 15/18- സാമൂഹ്യസുരക്ഷ വിഹിതം | കേരള സംസ്ഥാന സാമൂഹ്യസുരക്ഷ മിഷൻ | 5,00,000 | 04/19.07.2017 | നിർവ്വഹണോദ്യോഗസ്ഥൻ |
| 2 | 24/18- എസ് എസ് എ വിഹിതം | കേരള സംസ്ഥാന സാക്ഷരത മിഷൻ | 5,71,205 | 05/19.07.2017 | സെക്രട്ടറി |
| 3 | 163/18- കാർത്തികപ്പള്ളി-കാരാണി കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 3,00,000 | ഡി.ഡി.നം. 950310/25.07.2017 | |
| 4 | 216/18- ഇ എസ് ഐ കുടിവെള്ള പദ്ധതി | ഭൂജല വകുപ്പ് | 6,85,000 | ചെക്ക്.നം.3605341, 28.10.2017 | |
| | | | 1,15,000 | ചെക്ക്.നം.2739812, 28.10.2017 | |
| 5 | 26/18- കുടിവെള്ള കണക്ഷൻ- ലൈൻ എക്സ്റ്റൻഷൻ | കേരള ജല അതോറിറ്റി | 8,21,800 | 37/06.01.2018 | |
| 6 | 236/18- 6-ാം വാർഡ് കുടിവെള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | കേരള ജല അതോറിറ്റി | 3,60,000 | 32/31.10.2017 | |
| | | | 29,287 | ഡി.ഡി നം. 027330/06.11.2017 | |

| | | | | | |
|---|---|---|---|---|---|
| 7 | (xx)16/18-പോസ്റ്റ് ഷിഫ്റ്റിംഗ്, വൈദ്യുത ലൈൻ എക്സ്റ്റൻഷൻ | കെ.എസ്.ഇ.ബി. | 1,70,990 | 33/17.11.2017 | |
| | | | 9,67,023 | 31/28.11.2017 | |
| | | | 21,009 | 45/08.02.2018 | |
| | | | 9840 | ഡി.ഡി.നം. 950233/22.06.2017 | |
| ആകെ | | | 45,51,154/- | | |

(xx) പ്രോജക്ട് പ്രകാരം നിക്ഷേപിച്ച 11,94,445/- രൂപയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തത് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
മേൽപറഞ്ഞ പ്രവൃത്തികൾ/പ്രോജക്ടുകൾ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി 45,51,154/- രൂപയുടെ ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 128,600/- രൂപയാണ് 2017-18 വർഷം സംയുക്ത പ്രോജക്ടിനായി ലഭിച്ചത്. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(പ്രോജക്ട് നം.) | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പള്ളം ബ്ലോക്ക് പഞ്ചായത്ത് | 15.09.2017 | 115,000/- | ഇ.എസ്.ഐ. കുടിവെള്ള പദ്ധതി(216/18) | 115,000/- | ഇല്ല |
| | 17.02.2018 | 13,600/- | സമഗ്ര നെൽകൃഷി വികസനം(61/18) | 13,600/- | ഇല്ല |

പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് വിനിയോഗം പ്രത്യേക ട്രഷറി അക്കൗണ്ടിലൂടെയാണ്(അക്കൗണ്ട് നം.79901140000291, അയർക്കുന്നം സബ് ട്രഷറി) നടത്തുന്നത് [ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം].

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിജയപുരം ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കോട്ടയം ജില്ലയിലെ വിവിധ നിർവ്വഹണ ഏജൻസികളിൽ 6,256,098/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഡെപോസിറ്റ് പ്രവൃത്തികൾക്ക് നിക്ഷേപിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നം. | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ പോസ്റ്റ് ഷിഫ്റ്റിങ്ങ്(16/18) | 1,194,445/- | 17.11.2017 | ഇല്ല | 1,194,445/- |
| | 5-ാം വാർഡിൽ ഗതാഗത തടസ്സമുണ്ടാക്കുന്ന പോസ്റ്റ് ഷിഫ്റ്റിങ്ങ്(തനത് ഫണ്ട് ചെലവ്) | 9,840/- | 22.06.2017 | ഇല്ല | 9,840/- |
| ഭൂജല വകുപ്പ് കോട്ടയം | കാർത്തികപ്പള്ളി-കാരാണി കുടിവെള്ള പദ്ധതി(163/18) | 300,000/- | 25.07.2017 | ഇല്ല | 300,000/- |
| | ഇ.എസ്.ഐ. കുടിവെള്ള പദ്ധതി(216/18) | 800,000/- | 28.10.2017 | ഇല്ല | 800,000/- |

| | | | | | |
|---|---|---|---|---|---|
| ജില്ല നിർമ്മിതി കേന്ദ്രം-കോട്ടയം | ഐ.എസ്.ഓ. സർട്ടിഫിക്കേഷൻ, ഓഫീസ് നവീകരണം തുടർപ്രവർത്തനങ്ങൾ(40/18) | 2,740,726/- | 31.07.2017 04.08.2017 | 2,740,726/- | ഇല്ല |
| ജല അതോറിറ്റി കോട്ടയം | 6-ാം വാർഡിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ(236/18) | 389,287/- | 06.11.2017 | ഇല്ല | 389,287/- |
| | വാട്ടർ കണക്ഷൻ ലൈൻ എക്സ്റ്റെൻഷൻ(26/18) | 821,800/- | 06.01.2018 | ഇല്ല | 821,800/- |
| ആകെ | | 6,256,098/- | | 2,740,726/- | 3,515,372/- |

ജില്ലാ നിർമ്മിതി കേന്ദ്രത്തിൽ നിക്ഷേപിച്ച 2,740,726/- രൂപയുടെ പ്രവൃത്തികൾക്ക് മാത്രമാണ് 31.03.2018 വരെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും എടുത്തിട്ടില്ല. 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം വായ്പയിനത്തിൽ പഞ്ചായത്തിന് ബാധ്യത ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപങ്ങളുടെ 2017-18 വർഷത്തെ വിനിമയം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000,000/- |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 25,000,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000,000/- |

31.03.2018-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-12(സാംഖ്യ കണക്ക് ശീർഷകം 420800101-Investments – Fixed Deposits) പ്രകാരമുള്ള സ്ഥിരനിക്ഷേപമായി അവശേഷിക്കുന്ന 2.5 കോടി രൂപയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം (നം./തീയതി) | സ്ഥിരനിക്ഷേപ അക്കൗണ്ട് നം. | തുക(രൂപ) | ബാങ്ക്/ട്രഷറി | കാലാവധി (Due Date) | പലിശ % |
|---|---|---|---|---|---|
| Term Deposit Certifiacte No. 202548/07.02.2018 | TFD 799010500333107 | 1.5 കോടി | സബ്ട്രഷറി കോട്ടയം | 07.02.2019 | 8.5 % |
| Term Deposit Certifiacte No. 202548/07.02.2018 | TFD 799010500333076 | 1 കോടി | സബ്ട്രഷറി കോട്ടയം | 07.02.2019 | 8.5 % |

## 4-6 ഓഡിറ്റ് റിക്കവറി

2017-18 വാർഷിക കണക്കുകൾ പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം പഞ്ചായത്ത് ഫണ്ടിലേക്ക് തുകയൊന്നും അടവാക്കിയിട്ടില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

വിജയപുരം ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 121,795,144/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80,200,633/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 59,29,292/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം - ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 182,993/- | നിബു കുര്യൻ, അസിസ്റ്റന്റ് എൻജിനീയർ(LSGD) |
| 3-4 | 230,661/- | റെജിമോൾ പി. പി., അസിസ്റ്റന്റ് എൻജിനീയർ(LSGD) |
| 3-6 | 412,646/- | റെജിമോൾ പി. പി., അസിസ്റ്റന്റ് എൻജിനീയർ(LSGD) |
| 3-9 | 26,838/- | ഡോ. ഡോൺ എബ്രഹാം, മെഡിക്കൽ ഓഫീസർ -ആയുർവേദം |
| 3-10 | 525,000/- | ശ്രീ അനൂപ് പി. എസ്., വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ |
| 3-13 | 45,51,154/- | ശ്രീ ജി. എൻ ഹരികുമാർ, സെക്രട്ടറി |
| ആകെ | 59,29,292/- രൂപ | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1-3, 2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.08.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തകക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1990-91 &1991-92 | എൽ.എഫ്.കെ.പി3-809/95/ 05.01.1996 | - |
| 1992-93,1993-94, 1994-95,1995-96 | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 1 |
| 1998-99(ചെലവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 1998-99(വരവ്) | എൽ.എഫ്.കെ.പി11-699/അദാ/14/ 28.03.2015 | 1 |
| 1999-00(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(3)/18/ 19.02.2018 | 22 |
| 1999-00(വരവ്) | എൽ.എഫ്.കെ.പി11-730/അദാ/14/ 28.11.2014 | 4 |
| 2000-01 & 2001-02(Plan) | എൽ.എഫ്.കെ.പി11-730/അദാ/14/ 07.01.2015 | 5 |
| 2003-04 | എൽ.എഫ്.കെ.പി11-578/15/ 01.08.2015 | 1 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(4)/18/ 19.02.2018 | 6 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(5)/18/ 19.02.2018 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(6)/18/ 16.02.2018 | 5 |
| 2007-08 | എൽ.എഫ്.കെ.പി1-960/അദാ/J1/11(11)/ 22.08.2011 | 16 |
| 2008-09 | എൽ.എഫ്.കെ.പി11-272/12/ 10.01.2013 | 5 |
| 2009-10 | എൽ.എഫ്.കെ.പി11-273/12/ 10.01.2013 | 12 |
| 2010-11 | കെ.എസ്.എ-കെ.ടി.എം.പി12(അദാ-2018)-53(7)/18/ 16.02.2018 | 23 |
| 2011-12 | എൽ.എഫ്.കെ.പി11-957/13/ 10.02.2014 | 19 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11-1084/15/ 11.09.2015 | 19 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി11-781/16/ 18.08.2016 | 18 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി12/1370/17/ 30.05.2017 | 29 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി12/599/17/ 18.12.2017 | 33 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി12-1476/17/ 28.12.2017 | 21 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി12/1812/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 22.10.2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വിജയപുരം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം - 2

## പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ട സ്ഥിരനിക്ഷേപങ്ങളുടെ വിവരം

സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ രേഖകൾ പ്രകാരം താഴെ പറയുന്ന സ്ഥിര നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു.

| ക്രമ | F.D.No. & Date | നൽകിയ വ്യക്തി/സ്ഥാപനം | ബാങ്ക്/ട്രഷറി | തുക(രൂപ) | പ്ലഡ്ജ് ചെയ്ത | FD-വാങ്ങിയതിന്റെ |
|---|---|---|---|---|---|---|

| നം. | | | | | തീയതി | ഉദ്ദേശ്യം |
|---|---|---|---|---|---|---|
| 1 | 1448 Dt.01.01.2007 | P.B.Rajeev, Kavukandathil Traders, Vettippuram, Pathanamthitta | Pariyaram Service Co-operative Bank Ltd.No.Q.391 | 6750 | 01.01.2007 | Security Deposit |
| 2 | 47AA064237, Dt.16.10.2002 | Babu Kuruvilla, Poovathummoottil, Puthenchanda P.O., Vakathanam | Head Post Office, Kottayam | 1000 | 24.10.2002 | Security Deposit |
| 3 | 47AA064238, Dt.16.10.2002 | Babu Kuruvilla, Poovathummoottil, Puthenchanda P.O., Vakathanam | Head Post Office, Kottayam | 1000 | 24.10.2002 | Security Deposit |
| 4 | 64CC 311126 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 5 | 64CC 311124 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 6 | 31BB 748226 Dt.07.03.2006 | Arunkumar R., Anjaly, Pallom | Head Post Office, Kottayam | 500 | 07.03.2006 | Security Deposit |
| 7 | 32CC 864337 Dt.04.04.2003 | Jojen K.Tharayil, Tharayil, Vadavathoor | Head Post Office, Kottayam | 1000 | 04.04.2003 | Security Deposit |
| 8 | 64CC 311125 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 9 | JJBB 753852 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 500 | 14.02.2006 | Security Deposit |
| 10 | 64CC 311120 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 12 | 64CC 311121 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 13 | 64CC 311122 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 14 | JJBB 753855 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 500 | 14.02.2006 | Security Deposit |
| 15 | 64CC 311123 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 1000 | 14.02.2006 | Security Deposit |
| 16 | JJBB 753854 Dt.14.02.2006 | Babu Thomas, Kuttanchira, Madappally | Post Office, Changanacherry | 500 | 14.02.2006 | Security Deposit |
| 17 | 3044 Dt.05.02.2008 | Maharaj Electronic & Home appliances, Vettipuram, Pathanamthitta | Pariyaram Service Co-operative Bank Ltd.No.Q.391 | 6000 | 05.02.2008 | Security Deposit |
| 18 | 11915 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 10.10.2006 | Security Deposit |
| 19 | 11945 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 550 | 10.10.2006 | Security Deposit |
| 20 | 11950 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 150 | 10.10.2006 | Security Deposit |
| 21 | 11948 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 200 | 10.10.2006 | Security Deposit |
| 22 | 11912 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1350 | 10.10.2006 | Security Deposit |
| 23 | 11908 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 750 | 10.10.2006 | Security Deposit |
| 24 | 11944 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 550 | 10.10.2006 | Security Deposit |
| 25 | 11930 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 400 | 10.10.2006 | Security Deposit |
| 27 | 11932 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 575 | 10.10.2006 | Security Deposit |
| 28 | 11958 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 250 | 10.10.2006 | Security Deposit |
| 29 | 11940 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1650 | 10.10.2006 | Security Deposit |

| | | | | | | |
|---|---|---|---|---|---|---|
| 30 | 11886 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 09.10.2006 | Security Deposit |
| 31 | 11888 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2500 | 09.10.2006 | Security Deposit |
| 32 | 11890 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1150 | 09.10.2006 | Security Deposit |
| 33 | 11887 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1150 | 09.10.2006 | Security Deposit |
| 34 | 11889 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2500 | 09.10.2006 | Security Deposit |
| 35 | 11936 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 400 | 10.10.2006 | Security Deposit |
| 36 | 11937 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 400 | 10.10.2006 | Security Deposit |
| 37 | 11926 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 10.10.2006 | Security Deposit |
| 38 | 11961 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1900 | 10.10.2006 | Security Deposit |
| 39 | 11907 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 5000 | 10.10.2006 | Security Deposit |
| 40 | 11960 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1900 | 10.10.2006 | Security Deposit |
| 41 | 11885 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1300 | 09.10.2006 | Security Deposit |
| 42 | 11910 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 750 | 10.10.2006 | Security Deposit |
| 43 | 11911 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 750 | 10.10.2006 | Security Deposit |
| 44 | 11921 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 650 | 10.10.2006 | Security Deposit |
| 45 | 11920 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 650 | 10.10.2006 | Security Deposit |
| 46 | 11952 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2500 | 10.10.2006 | Security Deposit |
| 47 | 11953 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2500 | 10.10.2006 | Security Deposit |
| 48 | 11934 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 10.10.2006 | Security Deposit |
| 49 | 11927 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 10.10.2006 | Security Deposit |
| 50 | 11893 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 09.10.2006 | Security Deposit |
| 51 | 11894 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 650 | 09.10.2006 | Security Deposit |
| 53 | 11884 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 750 | 09.10.2006 | Security Deposit |
| 54 | 11883 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 700 | 09.10.2006 | Security Deposit |
| 55 | 11891 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1750 | 09.10.2006 | Security Deposit |

| | | | | | | |
|---|---|---|---|---|---|---|
| 56 | 11897 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 500 | 09.10.2006 | Security Deposit |
| 57 | 11938 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2000 | 10.10.2006 | Security Deposit |
| 58 | 11935 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 1250 | 10.10.2006 | Security Deposit |
| 59 | 11946 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2000 | 10.10.2006 | Security Deposit |
| 60 | 11916 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 500 | 10.10.2006 | Security Deposit |
| 61 | 11939 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2000 | 10.10.2006 | Security Deposit |
| 62 | 11895 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 650 | 09.10.2006 | Security Deposit |
| 63 | 11896 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 5000 | 09.10.2006 | Security Deposit |
| 64 | 11919 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 500 | 10.10.2006 | Security Deposit |
| 65 | 11918 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 500 | 10.10.2006 | Security Deposit |
| 66 | 11942 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 250 | 10.10.2006 | Security Deposit |
| 67 | 11943 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 250 | 10.10.2006 | Security Deposit |
| 68 | 11957 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 950 | 10.10.2006 | Security Deposit |
| 69 | 11956 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 950 | 10.10.2006 | Security Deposit |
| 70 | 11892 Dt.09.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2500 | 09.10.2006 | Security Deposit |
| 71 | 11909 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 750 | 10.10.2006 | Security Deposit |
| 72 | 11954 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 600 | 10.10.2006 | Security Deposit |
| 73 | 11922 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 400 | 10.10.2006 | Security Deposit |
| 74 | 11947 Dt.10.10.2006 | Jojen K.Tharayil, Tharayil, Vadavathoor | Manganam Service Co-operative Bank Ltd. No.1920 | 2000 | 10.10.2006 | Security Deposit |
| 75 | 9058393 Dt.28.01.2014 | Aliph Electrical Agencies | Dena Bank Kottayam | 50000 | 28.01.2014 | Security Deposit for Project No.SO.38/14 |
| സ്ഥിരനിക്ഷേപങ്ങളുടെ ആകെ മൂല്യം | | | | 142,075/- രൂപ | | |